(ബി) കൃഷി ഭൂമി പരമാവധി ഉപയോഗപ്പെടുത്തി കാർഷിക വൃത്തിയിൽ നിന്നുള്ള വരുമാനം ഉറപ്പാക്കൽ, കാർഷകർക്കും കർഷക തൊഴിലാളികൾക്കും മാന്യത ഉറപ്പാക്കൽ, കൃഷിഭൂമിയുടെ സുസ്ഥിര സംരക്ഷണം ഉറപ്പാക്കൽ, കൃഷിയും പരിസ്ഥിതി സംരക്ഷണവും നിലനിർത്തുക, കാർഷിക ഗവേഷണങ്ങൾ കൂടുതൽ കർഷകർക്ക് പ്രയോജനകരമാക്കുക, യുവതലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കൽ തുടങ്ങിയ ലക്ഷ്യങ്ങളാണ് കാർഷിക വികസനനയം കൊണ്ട് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) നയം സംബന്ധിച്ച ശിപാർശകൾ നൽകാൻ ബഹു. മന്ത്രിമാർ ഉൾപ്പെടുന്ന ഒരു ഉപസമിതി രൂപീകരിച്ചിരുന്നു.

(ഡി) കാർഷിക വികസന നയത്തിന് മന്ത്രിസഭാ അംഗീകാരം നൽകി കഴിഞ്ഞാലുടൻ കാർഷിക വികസന നയം പ്രസിദ്ധീകരിക്കുന്നതാണ്.

കാർഷികരംഗത്തെ നൂതന ഗവേഷണങ്ങൾ

188 (3474) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിലെ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ ഗവേഷണങ്ങളാണ് നടക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരം ഗവേഷണങ്ങളുടെ ഫലം നേരിട്ട് കർഷകരിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഹൈടെക് (പോളിഹൗസ്)കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയിൽ പ്രധാനമായും കേരള സർക്കാരിന്റെ പ്രോജക്ട് സ്പെസിഫിക് ഫണ്ട് പദ്ധതികളും ബഹ്യസഹായ ഏജൻസികളിൽ (ICAR, ICFRI, DBT, NABARD, GGC, RKVY, NHM, SHM, KSCSTE etc.) നിന്നും സാമ്പത്തിക സഹായം ലഭിച്ച പദ്ധതികളുമാണ് നടപ്പിലാക്കുന്നത്. പ്രശ്നാധിഷ്ഠിത ഗവേഷണങ്ങളിലൂടെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ പുതിയ വിത്തിനങ്ങൾ വികസിപ്പിച്ച് ഭക്ഷ്യോത്പാദനത്തിന്

* ലൈ

LIBRARY ARCHIVES Kerala Legislative Assembly

ആക്കംകൂട്ടുക എന്നിവയ്ക്ക് പ്രത്യേകം ശ്രദ്ധചെലുത്തുന്നു. സംസ്ഥാന സർക്കാരിന്റെ ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ ഭാഗമായി 'പാഡി മിഷൻ, വെജിറ്റബിൾ മിഷൻ, കോക്കനട്ട് മിഷൻ, പ്ലാന്റ് പ്രൊട്ടക്ഷൻ ആന്റ് ബയോ കൺട്രോൾ ഏജന്റ് പ്രോഡക്ഷൻ മിഷൻ' എന്നീ വിവിധ ഗവേഷണ പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. തെങ്ങ് കൃഷിയുടെ വളർച്ചയ്ക്കായി ഓരോ പ്രദേശത്തെയും അത്യുല്പാദന ശേഷിയുള്ള മാതൃ വൃക്ഷങ്ങൾ തെരഞ്ഞെടുത്ത് ഗുണമേന്മയുള്ള സങ്കരയിനങ്ങളും ഡിമാന്റുള്ള നടീൽ ഇനങ്ങളും ഉല്പാദിപ്പിക്കുവാനുള്ള പദ്ധതികൾ, ഉയരം കുറഞ്ഞ തെങ്ങിനങ്ങൾ വികസിപ്പിക്കുവാനുള്ള ഗവേഷണങ്ങൾ, മൂല്യവർദ്ധിത ഉത്പന്നങ്ങൾ തുടങ്ങിയവ ഊർജ്ജിതമാക്കിയിട്ടുണ്ട്. പച്ചക്കറികളിൽ പ്രിസിഷൻ ഫാമിംഗ്, പോളീഹൗസ് കൃഷിരീതി എന്നിവയിലും ഗവേഷണം നടത്തിവരുന്നു. വിവിധ ഗവേഷണ കേന്ദ്രങ്ങളിലായി നടപ്പിലാക്കുന്ന മറ്റ് നൂതന ഗവേഷണ പദ്ധതികൾ താഴെ വിവരിച്ചിരിക്കുന്നു:

1. വാഴ, പൈനാപ്പിൾ, മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷ ചെടികളുടെ വികസനം, ജനിതക പഠനം, നൂതന സാങ്കേതിക വിദ്യകൾ ഉരുത്തിരിച്ചെടുക്കുക.
2. വാഴയിലെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പഠനം
3. ഔഷധ സസ്യങ്ങളുടെ ഗുണനിലവാര പഠനം, കൃഷി സാധ്യതകൾ, പരിപാലന മുറകൾ എന്നിവയുടെ പഠനം
4. ജൈവ സാങ്കേതികവിദ്യ മേഖലയിൽ നൂതന വിദ്യകൾ വികസിപ്പിക്കുന്നതിനുള്ള പഠനം
5. കാലാവസ്ഥ വ്യതിയാനം, കാലാവസ്ഥ മുന്നറിയിപ്പ് നൽന്നതിനുള്ള സംവിധാനം, ഇവയുടെ പഠനം
6. മട്ടുപ്പാവു കൃഷിക്കുള്ള മാതൃകാ പഠനം
7. ലവണസ്വഭാവമുള്ള മണ്ണ് കൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള ഗവേഷണം.
8. കാർഷിക യന്ത്ര ഗവേഷണം: വിവിധ കൃഷി യന്ത്രങ്ങളുടെ വികസനവും കർഷക തൊഴിലാളികൾക്കുള്ള പരിശീലനവും കർഷകർക്കാവശ്യമായ യന്ത്ര സേവന സൗകര്യങ്ങൾ നൽകുന്നതിനുള്ള ഗവേഷണം.

LIBRARY ARCHIVES Kerala Legislative Assembly

9. കാർഷിക വനവത്ക്കരണവുമായി ബന്ധപ്പെട്ട് പ്രധാന വൃക്ഷ ഇനങ്ങളുടെ സാങ്കേതിക കൃഷി രീതി അവയുടെ തടി തിരിച്ചറിയാനുള്ള സാമ്പിൾ പരിശോധന എന്നിവയിലും പഠനങ്ങൾ നടത്തുന്നു.

(ബി) ഗവേഷണങ്ങളുടെ ഫലം കർഷകരിൽ എത്തിക്കുന്നതിന് പരിശീലന പരിപാടികൾ, ശില്പശാലകൾ, സെമിനാറുകൾ, പ്രദർശനത്തോട്ടങ്ങൾ, പരീക്ഷണ തോട്ടങ്ങൾ, കൃഷിയിട സന്ദർശനം എന്നിവ കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കുന്നുണ്ട്.

(സി) ഉണ്ട്.

പോളീഹൗസ് കൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

- പോളീഹൗസ് നിർമ്മാണത്തിൽ പ്രാഗത്ഭ്യമുള്ള ഏജൻസികളുടെ അപര്യാപ്തത.
- സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയുന്നില്ല.
- ഉത്പാദനോപാധികളുടെ ലഭ്യതക്കുറവ്
- കർഷകർക്ക് ഹൈടെക് കൃഷിയെക്കുറിച്ചുള്ള പരിമിതമായ ജ്ഞാനം

പോളീഹൗസ് കൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

- പോളീഹൗസ് നിർമ്മിക്കുവാൻ പ്രാപ്തമായ ഏജൻസികളുടെ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു.
- ഉത്പാദനോപാധികൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു.
- പോളീഹൗസ് കൃഷിയുടെ കൂടുതൽ വിവരങ്ങൾ ഹരിത ഗൃഹകൃഷി സഹായി എന്ന കൈപ്പുസ്തകത്തിലൂടെ കർഷകർക്ക് ലഭ്യമാക്കി വരുന്നു.
- കർഷകർക്ക് ഹൈടെക് കൃഷി വിജയകരമായി നടത്തുന്നതിന് ആവശ്യമായ വിദഗ്ധ പരിശീലനം നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly